"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതാ ശിശു വികസന വകുപ്പ്- കേരളത്തിന്റെ സാമൂഹ്യപരിഷ്കരണം-നവോത്ഥാന, സ്ത്രീ-പുരുഷ സമത്വം എന്നിവ ഉയർത്തിപ്പിടിക്കുന്ന ഒരു ക്യാമ്പയിൻ എന്ന നിലയിൽ 2019 ജനുവരി 1 ന് 'വനിതാ മതിൽ' സംഘടിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതും മറ്റ് നിർദേശങ്ങൾ നൽകിക്കൊണ്ടും ഉത്തരവ് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(കൈ)നം.32/2018/സാ.നീ.വ** **തീയതി, തിരുവനന്തപുരം 12.12.2018**

---

പരാമർശം: 1. സ.ഉ(കൈ)നം.31/2018/സാനീവ, തീയതി 07/12/2018.
2. ചീഫ് സെക്രട്ടറിയുടെ12/12/2018 ലെ കുറിപ്പ്.

## ഉത്തരവ്

പരാമർശം (1) ലെ സർക്കാർ ഉത്തരവിലെ 9-ാം ഖണ്ഡിക ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

"9. എല്ലാ വീടുകളിലും ക്യാമ്പയിനുകൾ എത്തിക്കുന്നതിനാവശ്യമായ സന്ദേശങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും ഏകോപനത്തിനായും വനിതാ-ശിശുവികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു".

മേൽ ഭേദഗതികളോടെ പരാമർശം (1) ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഷർമിള മേരി ജോസഫ്**
**സെക്രട്ടറി**

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ തലവൻമാർക്കും ഓഫീസ് മേധാവികൾക്കും
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
സംസ്ഥാനത്തെ എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും
രജിസ്ട്രാർ, കേരള ഹൈക്കോടതി
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ
ഗവർണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ

പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ
വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പൊതുഭരണ (എസ്.സി) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.MS
വെബ് & ന്യൂ മീഡിയ വിംഗ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

കേരള സർക്കാർ

സംഗ്രഹം

വിഷയം-വനിതാ ശിശു വികസന വകുപ്പ്-കേരളത്തിന്റെ സാമൂഹ്യ പരിഷ്കരണം -നവോത്ഥാന,സ്ത്രീ പുരുഷ സമത്വം എന്നിവ ഉയർത്തിപിടിക്കുന്ന ഒരു ക്യാമ്പയിൻ എന്ന നിലയിൽ 2019 ജനുവരി 1 ന് "വനിതാ മതിൽ" സംഘടിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കുന്നതും മറ്റ് നിർദ്ദേശങ്ങൾ നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സാമൂഹ്യനീതി (ബി) വകുപ്പ്

സ.ഉ.(കൈ)നം.31/2018/സാനീവ  തീയതി, തിരുവനന്തപുരം 07.12.2018

---

**ഉത്തരവ്**

കേരളം കൈവരിച്ച സാമൂഹ്യ പരിഷ്കരണ നേട്ടങ്ങൾ, നവോത്ഥാന മൂല്യങ്ങൾ എന്നിവ സംരക്ഷിക്കുന്നതിനും, സ്ത്രീ പുരുഷ സമത്വം ഉയർത്തിക്കാട്ടുന്നതിനും ഒരു ക്യാമ്പയിൻ എന്ന നിലയിൽ 2019 ജനുവരി 1 ന് "വനിതാ മതിൽ" സംഘടിപ്പിക്കണമെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(2)മേൽസാഹചര്യത്തിൽ വനിതാ മതിൽ ക്യാമ്പയിനിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി ചുവടെ പറയുന്ന മന്ത്രിമാർ ഉൾപ്പെടുന്ന മന്ത്രിസഭാ ഉപസമിതി രൂപീകരിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | | |
|---|---|---|
| ശ്രീ.എ.കെ.ബാലൻ<br>പട്ടികജാതി പട്ടിക വർഗ്ഗ പിന്നോക്ക<br>വിഭാഗക്ഷേമ നിയമ സാംസ്കാരികകാര്യ<br>പാർലമെൻററി കാര്യ വകുപ്പ് മന്ത്രി | -- | കൺവീനർ |
| ശ്രീ. ഇ.ചന്ദ്രശേഖരൻ<br>റവന്യൂ-ഭവന നിർമ്മാണ വകുപ്പ് മന്ത്രി | -- | മെമ്പർ |
| ശ്രീ. കെ.കൃഷ്ണൻകുട്ടി<br>ജലവിഭവ വകുപ്പ് മന്ത്രി | -- | മെമ്പർ |
| ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി<br>തുറമുഖ-മ്യൂസിയം-ആർക്കിയോളജി<br>ആർക്കൈവ്സ് വകുപ്പ് മന്ത്രി | -- | മെമ്പർ |
| ശ്രീ. എ.കെ.ശശീന്ദ്രൻ<br>ഗതാഗത വകുപ്പ് മന്ത്രി | -- | മെമ്പർ |

(3) ഡിസംബർ 10,11,12 തീയതികളിൽ, ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് ചേർത്ത് ജില്ലകളിൽ ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ സംഘാടകസമിതികൾക്ക് രൂപം നൽകേണ്ടതാണ്.സംഘാടക സമിതികളിൽ ജില്ലാ കളക്ടർ കൺവീനറും,വിവര പൊതു ജന സമ്പർക്ക വകുപ്പിന്റെ ജില്ലാതല മേധാവി ജോയിൻറ് കൺവീനറും ആയിരിക്കും.

(4).ഓരോ ജില്ലയിലും ചുവടെ ചേർക്കുന്ന രീതിയിൽ മന്ത്രിമാർക്ക് ക്യാമ്പയിൻ സംഘാടനത്തിന്റെ നേതൃത്വത്തിനുള്ള ചുമതല നിശ്ചയിച്ചിരിക്കുന്നു.

| ജില്ല | ചുമതലയുള്ള മന്ത്രി |
|---|---|
| കാസർഗോഡ് | ശ്രീ.ഇ.ചന്ദ്രശേഖരൻ |
| കണ്ണൂർ | ശ്രീ.ഇ.പി.ജയരാജൻ,<br>ശ്രീമതി.കെ.കെ.ശൈലജടീച്ചർ |
| വയനാട് | ശ്രീ.രാമചന്ദ്രൻ കടന്നപ്പള്ളി |
| കോഴിക്കോട് | ശ്രീ.ടി.പി.രാമകൃഷ്ണൻ, ശ്രീ.എ.കെ.ശശീന്ദ്രൻ |
| മലപ്പുറം | ഡോ.കെ.ടി.ജലീൽ |
| പാലക്കാട് | ശ്രീ.എ.കെ.ബാലൻ,ശ്രീ.കെ.കൃഷ്ണൻകുട്ടി |
| തൃശ്ശൂർ | പ്രൊഫ.സി.രവീന്ദ്രനാഥ്,<br>അഡ്വ.വി.എസ്.സുനിൽകുമാർ |
| എറണാകുളം | ശ്രീ.എ.സി.മൊയ്തീൻ |
| ഇടുക്കി | ശ്രീ.എം.എം.മണി |
| കോട്ടയം | ശ്രീ.പി.തിലോത്തമൻ |
| ആലപ്പുഴ | ശ്രീ.ജി.സുധാകരൻ,<br>ഡോ.ടി.എം.തോമസ് ഐസക് |
| പത്തനംതിട്ട | അഡ്വ.കെ.രാജു |
| കൊല്ലം | ശ്രീമതി.ജെ.മേഴ്സിക്കുട്ടിയമ്മ |
| തിരുവനന്തപുരം | ശ്രീ.കടകംപള്ളി സുരേന്ദ്രൻ |

(5). എല്ലാ മാധ്യമ സങ്കേതങ്ങളും ഉപയോഗിച്ച് ഇതിനാവശ്യമായ പ്രചരണത്തിന് ഇൻഫർമേഷൻ- പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

(6)(എ) ഈ ക്യാമ്പയിന്റെ മുഖ്യ സംഘാടനം നിർവഹിക്കുന്നത് സ്ത്രീകളുടേയും കുട്ടികളുടേയും വകുപ്പായിരിക്കും. പൊതുഭരണം, തദ്ദേശ സ്വയംഭരണം, ഐ& പി.ആർഡി.,പട്ടികജാതി-പട്ടിക വർഗ്ഗ പിന്നോക്കവികസനം ,സാംസ്കാരികം, വ്യവസായം, വിദ്യാഭ്യാസം, സഹകരണം എന്നീ വകുപ്പുകളാണ് പ്രധാന പങ്ക് വഹിക്കേണ്ടത്.

(ബി) എല്ലാ സർക്കാർ വകുപ്പുകളും സംഘാടനത്തിലും പങ്കാളിത്തത്തിലും, പങ്ക് വഹിക്കേണ്ടതാണ്.

(സി) ആശ വർക്കേഴ്സ്,അംഗനവാടി വർക്കേഴ്സ് &ഹെൽപ്പേഴ്സ്, തൊഴിലുറപ്പ് പദ്ധതി തൊഴിലാളികൾ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ,കുടുംബശ്രീ അംഗങ്ങൾ, വനിതാ സഹകരണ സംഘങ്ങൾ,പൊതുമേഖലാ സ്ഥാപനങ്ങൾ മുതലായവയുടെ പങ്കാളിത്തം അഭ്യർത്ഥിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട വകുപ്പ് മേധാവികൾ സ്വീകരിക്കേണ്ടതാണ്.

(ഡി)യുവജന കമ്മീഷൻ,യുവജന സംഘടനകൾ,സർവ്വകലാശാലകൾ, മൽസ്യത്തൊളിലാളികൾ,ഇതര തൊഴിൽ മേഖലയിൽ പണിയെടുക്കുന്നവർ,വിവര

സാങ്കേതിക രംഗത്ത് പ്രവർത്തിക്കുന്നവർ, മറ്റു മേഖലയിൽ പ്രവർത്തിക്കുന്ന വനിതാ ഗ്രൂപ്പുകൾ,സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്നവർ തുടങ്ങി ജീവിതത്തിൻറെ എല്ലാ തുറകളിലുമുള്ള വനിതകളുടെ പ്രാതിനിധ്യം അഭ്യർത്ഥിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കേണ്ടതാണ്.

7.കേന്ദ്ര സർക്കാർ ജീവനക്കാരുടെ കുടുംബങ്ങളോടും സംസ്ഥാന സർവ്വീസ്- അദ്ധ്യാപക മേഖലയിലെ ജീവനക്കാരുടെ സംഘടനകളോടും സംഘാടനത്തിനും പങ്കാളിത്തത്തിനുമായി അഭ്യർത്ഥിക്കേണ്ടതാണ്.

8.പ്രമുഖ വ്യക്തികൾ ,സിനിമാ-സാംസ്കാരിക-സാമൂഹ്യ രംഗത്തുള്ളവർ,ഉയർന്ന പദവികൾ വഹിച്ചു വരുന്ന വനിതകൾ എന്നിവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഇൻഫർമേഷൻ -പബ്ലിക് റിലേഷൻസ് വകുപ്പിനെ ചുമതലപ്പെടുത്തുന്നു.

9. എല്ലാ വീടുകളിലും ക്യാമ്പയിനുകൾ എത്തിക്കുന്നതിന് ആവശ്യമായ സന്ദേശങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും പ്രസ്തുത ക്യാമ്പയിനിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തിനായും, ഫണ്ട് ചെലവഴിക്കുന്നതിനും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു. ഇതിനാവശ്യമായ തുക അനുവദിക്കുവാൻ ധനകാര്യ വകുപ്പിനോട് നിർദ്ദേശിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ടോംജോസ്

ചീഫ് സെക്രട്ടറി

സെക്രട്ടറിയേറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും, സെക്ഷനുകൾക്കും

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ വകുപ്പ് തലവൻമാർക്കും, ഓഫീസ് മേധാവികൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.

സെക്രട്ടറി, കേരള പബ്ലിക്ക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് മുഖാന്തിരം)

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലാ രജിസ്ട്രാർമാർക്കും

രജിസ്ട്രാർ കേരള ഹൈക്കോടതി, എറണാകുളം

രജിസ്ട്രാർ,കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ

ഗവർണ്ണറുടെ സെക്രട്ടറി

മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ

പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ,സാമൂഹ്യ നീതി വകുപ്പ്

പൊതു ഭരണ (എസ്.സി) വകുപ്പ്

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 3710/AD AIII 4/2018/REG SECT Approved by DEPUTY REGISTRAR I ADMINISTRATION on 28-Dec-2018 11:47 AM - Page 1

# മഹാത്മാഗാന്ധി സർവകലാശാല

പുറത്തെഴുത്ത് നം. 3710/AD AIII 4/2018/REG SECT തീയതി. 28.12.2018

കേരളത്തിന്റെ സാമൂഹിക പരിഷ്കരണം - നവോത്ഥാന, സ്ത്രീ പുരുഷ സമത്വം എന്നിവ ഉയർത്തിപ്പിടിക്കുന്ന ഒരു ക്യാമ്പയിൻ എന്ന നിലയിൽ 2019 ജനുവരി 1 ന് 'വനിതാ മതിൽ' സംഘടിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനും മറ്റു നിർദ്ദേശങ്ങൾ നൽകികൊണ്ടും സർക്കാർ സ.ഉ.(കൈ) നം.31/ 2018/സാനീവ തീയതി, 07/12/2018 ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നു. ടി ഉത്തരവ് ഖണ്ഡിക 6 (ബി) പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും സംഘാടനത്തിലും പങ്കാളിത്തത്തിലും പങ്ക് വഹിക്കേണ്ടതാണ്. കൂടാതെ ഖണ്ഡിക 6(ഡി) പ്രകാരം 'വനിതാ മതിൽ' കാമ്പയിനിൽ സർവ്വകലാശാലകളിലെ വനിതകളുടെ പ്രാതിനിധ്യം അഭ്യർത്ഥിക്കുന്നതിനു നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. മേൽ സർക്കാർ ഉത്തരവിലെ ഖണ്ഡിക 9 ചുവടെ പറയും പ്രകാരം ഭേദഗതി ചെയ്തു കൊണ്ട് സ.ഉ.(കൈ) നം.32/2018/സാനീവ തീയതി, 12/12/2018 നമ്പർ ഉത്തരവും സംസ്ഥാന വനിതാ ശിശു വികസന വകുപ്പ് പുറപ്പെടുവിച്ചിരിക്കുന്നു.

" എല്ലാ വീടുകളിലും ക്യാമ്പയിനുകൾ എത്തിക്കുന്നതിനാവശ്യമായ സന്ദേശങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനും ഏകോപനത്തിനായും വനിതാ ശിശു വികസന വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുന്നു."

മഹാത്മാഗാന്ധി സർവകലാശാല ആക്ട് 1985 അദ്ധ്യായം III പരിച്ഛേദം 10.17 ൽ പ്രതിപാദിച്ചിരിക്കുന്ന അധികാരം ഉപയോഗിച്ച് മേൽ സർക്കാർ ഉത്തരവുകൾ **സ.ഉ.(കൈ)നം.31/2018/സാനീവ തീയതി, 07/12/2018, സ.ഉ.(കൈ) നം.32/2018/സാനീവ തീയതി, 12/12/2018** സർവകലാശാലയിൽ നടപ്പിലാക്കുവാൻ വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു.

ഇതിൻപ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

SREERAJ R.
DEPUTY REGISTRAR I ADMINISTRATION

പകർപ്പ് :

1.എല്ലാ വിഭാഗങ്ങളും ഡിപ്പാർട്ടുമെന്റുകളും സെന്ററുകളും
2. വൈസ്ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3.രജിസ്ട്രാർ എഫ് ഒ സി ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ
4.ജോയിന്റ് ഡയറക്ടർ , കേരളം സ്റ്റേറ്റ് ഓഡിറ്റ് ഡിപ്പാർട്ടുമെന്റ്, മഹാത്മാഗാന്ധി സർവകലാശാല
5.പി.ആർ.ഒ / സിസ്റ്റം അഡ്മിനിസ്ട്രേഷൻ / സി.എം.എസ് ( വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി)
6.എഫ്.സി.സി./എ.സി.സി./ഫിനാൻസ് I / IV / ഓഡിറ്റ് I / IV / ഐ.ക്യു.എ.സി.
7.എഡി എ I /എഡി എ II /എഡി എ IV /എഡി എ V /എഡി സി. I/II/III
8.സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി

(ഫയൽ നം.3710/AD AIII/2/2018/ADMN)